സത്യമായ പ്രവചനങ്ങളും ദുരിത ദുഃഖപരിഹാരങ്ങളും

നാളിതുവരെ അനുഭവിച്ച ദുരിത, ദുഃഖ, രോഗ, തൊഴിൽ, വിദ്യാ തടസ്സങ്ങളോ? ഉള്ളിന്റെ ഉള്ളിൽ മാനസിക അസ്വസ്ഥത നിരന്തരം അലട്ടുന്നുവോ? ചിന്തിക്കുന്നതും സംഭവിക്കുന്നതും നല്ലതെന്ന് കരുതി പ്രവർത്തിക്കുന്നവയും വിപരീത ഫലങ്ങളോ? തുടങ്ങി എല്ലാവിധ പ്രശ്നങ്ങൾക്കും കാര്യ കാരണ ശാന്തിപരിഹാരങ്ങൾ ജാതിമതഭേദമന്യേ മിഥ്യാ വാഗ്ദാന മുഖസ്തുതികളില്ലാതെ ഉറപ്പു നൽകുന്നു. പൂർണ്ണവിശ്വാസിയ്ക്കു പൂർണ്ണഫലം.

സന്ദർശനം മുൻകൂട്ടി അനുവാദം വാങ്ങിയശേഷം

ഉഴുത്രപ്പള്ളി ഇല്ലത്ത്

ബ്രഹ്മശ്രീ ഡോ. പ്രണവം വിഷ്ണുനമ്പൂതിരി

തേവന്നൂർ പി.ഒ., ആയൂർ, കൊല്ലം (Dist.), കേരള

Phone: 0475 - 2292415. Web: www.paramathmeeya.com

മാതൃഭൂമി

2010 ജൂൺ 9 ബുധനാഴ്ച | Mathrubhumi, The National Daily in Malayalam | QP | കൊല്ലം ◆ പേജ് 16

1185 എടവം 26 | Kozhikode ◆ Kochi ◆ Thiruvananthapuram ◆ Thrissur ◆ Kannur ◆ Kottayam ◆ Malappuram ◆ Kollam ◆ Palakkad ◆ Alappuzha ◆ Mumbai ◆ Chennai ◆ Bangalore ◆ Delhi | www.mathrubhumi.com ◆ വില രൂപ 4.00

ദക്ഷിണാഫ്രിക്കയിലെ ജൊഹാനസ് ബർഗിൽ വുവുസല വാദ്യവുമായി ആഘോഷിക്കുന്ന ഫുട്ബോൾ ആരാധകർ

ലക്ഷ്മിമെൻഷ മഹാബിഗണ്ട

ലോകകപ്പ് അരങ്ങേറുന്ന ദക്ഷിണാഫ്രിക്കയിൽ നിന്നും മാതൃഭൂമി പ്രതിനിധി എം.പി.സുരേന്ദ്രന്റെ കുറിപ്പുകൾ ഇന്നു മുതൽ

ആഫ്രിക്കയ്ക്ക് നല്ല കറുപ്പുതന്നെ. താംബോ വിമാനത്താവളത്തിൽ വന്നിറങ്ങിയപ്പോഴാം വിമാനത്തിനാകെ ഒരു കറുപ്പു നിറം. അഡബെയറുടേയും ഗ്രോഗ്ബയുടെയും മാർട്ടിൻസിന്റെയും കൂറ്റൻചിത്രങ്ങാം. കൂട്ടത്തിൽ ഒരു കക്ക, പിന്നെ മെസി. ബാക്കിമുഴുവനും കറുത്തവർ. കറുത്തവരുടെ ലോകകപ്പ്. എമിഗ്രേഷൻ സെന്ററിലും ഹെൽപ്പ് ഡെസ്കിലും കറുത്തവർഗക്കാരായ യുവാക്കളും യുവതികളും വളണ്ടിയർ ബാഡ്ജുമായി കൂട്ടംകൂടി നിൽക്കുന്നു. വിശന്നുവലഞ്ഞ് ആദ്യം ഓടിയത് റെസ്റ്റോറന്റിലേക്ക്. അവിടെ പശുവിന്റെ നാക്കും ചെവിയും തലച്ചോറുമൊക്കെ ഫ്രൈ ആയി വെച്ചിട്ടുണ്ട്. കൂട്ടത്തിൽ രാജ് എന്നൊരു ഇന്ത്യൻ റെസ്റ്റോറന്റ് കണ്ടു. ദാം മക്കാനിയും ചപ്പാത്തിയും. അവിടെയും വെയ്റ്റർമാർ കറുമ്പന്മാർതന്നെ. സൗത്ത് ആഫ്രിക്കയിലെ ആദ്യത്തെ ലോകകപ്പ് തങ്ങളാണ് നടത്തുന്നതെന്ന അഭിമാനം മുഴുവൻ അവർക്കുണ്ട്. പകൽ, അക്രഡിറ്റേഷൻ സെന്ററിൽ നീണ്ട ക്യൂ. മീഡിയാകാർഡ് കിട്ടാൻമാത്രം ക്യൂ നിന്നത് അഞ്ചുമണിക്കൂർ. പിന്നെ മീഡിയാ സെന്ററിൽ തേടിയോട്ടമായി. ചോപ്പീസിന്റെ കോഴിക്കോട്ടുകാരൻ അനീഷ് കാറുമായി വന്നതുകൊണ്ട് സ്ഥലം കണ്ടുപിടിക്കാനായി. സംഘാടകസമിതി നിയോഗിച്ച വളണ്ടിയർമാർക്ക് തെല്ലൊന്നുമല്ല ആശയക്കുഴപ്പം. കൂട്ടത്തിൽ ഇന്ത്യക്കാരാണ് മിടുക്കന്മാർ.

അക്രഡിറ്റേഷൻ സെന്ററിലിരുന്ന രജുലൂസില്ലെ പിള്ളയുടെ പിതാമഹൻ മദ്രാസുകാരനാണത്രെ. അക്രഡിറ്റേഷൻ കാർഡ് തന്ന മഹാലക്ഷ്മിയുടെ അമ്മ നാഗർകോവിൽകാരി. പക്ഷേ, മഹാലക്ഷ്മി പേര് തിരിച്ചെഴുതും. ലക്ഷ്മി മെൻഷ മഹാബിഗണ്ടോ എന്നൊരു കേമൻ പേര്. മീഡിയാ സെന്ററിലേക്കുള്ള വഴി പറഞ്ഞുതന്ന രാജപോറിയയുടെ പിതാമഹന്മാർ ഗുജറാത്തുകാരാണ്. മൊത്തത്തിൽ അവർ ഇന്ത്യയുടെ അഭിമാനമായി ജീവിക്കുന്നു. മീഡിയാ സെന്ററിലെത്തിയപ്പോഴാം പുറത്ത് കുട്ടികളുടെ പ്രകടനങ്ങാം. ലോകകപ്പിന് അവർ അഭിവാദ്യം അർപ്പിക്കുകയാണ്. ടെറ്റാ കോമ്പിയിൽനിന്ന് ചെണ്ടയും കൊടിയും വുവുസലെയുമായി വരികയാണവർ. ഒരു കാര്യം ഉറപ്പ്: ഈ വുവുസല സ്റ്റേഡിയം മുഴുവൻ നിറയും. അവർ ഒരുമിച്ച് ഈ നീണ്ട കുഴൽവിളിച്ചാൽ റഫറിയുടെ വിസിൽ കേംക്കുമോ ആവോ?

കാത്തിരിക്കുക, കളി തുടങ്ങട്ടെ
- ഡീഗോ മാറഡോണയുടെ ലോകകപ്പ് വിലയിരുത്തൽ

മരണഗ്രൂപ്പ് മറികടക്കണം
-പോർച്ചുഗൽ താരം ക്രിസ്റ്റ്യാനോ റൊണാൾഡോയുമായുള്ള അഭിമുഖം

-സ്പോർട്സ് പേജിൽ

ഒഴിവുനികത്തൽ മാർച്ചിൽ മാത്രം

പി.എസ്.സി. റാങ്ക്ലിസ്റ്റ് നീട്ടും

ഷിജു സുകുമാരൻ

- സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ചുള്ള നിയമനം ഉപേക്ഷിച്ചു
- ഉദ്യോഗാർഥികൾക്ക് ആശങ്ക വേണ്ടെന്ന് ധനമന്ത്രി
- റാങ്ക് പട്ടികകൾ 2011 മെയ് വരെ നീട്ടും

തിരുവനന്തപുരം: സർക്കാർ ജീവനക്കാരുടെ വിരമിക്കൽ ഏകീകരണം ഇക്കൊല്ലവും തുടരുന്നുണ്ടെങ്കിലും സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നടത്തേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചു. ഇതുമൂലം ഈ സാമ്പത്തിക വർഷത്തിലെ ഒഴിവുകളിലേക്കുള്ള നിയമനം അടുത്ത മാർച്ചിനുശേഷമേ നടക്കുകയുള്ളൂ. പി.എസ്.സി. റാങ്ക്പട്ടികളുടെ കാലാവധി നീട്ടാൻ ധാരണയായിട്ടുമുണ്ട്.

സർക്കാർ ജീവനക്കാരുടെ വിരമിക്കൽ തീയതി എല്ലാവർഷവും മാർച്ച് 31 ആക്കി നിജപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവിട്ടത് 2009 മാർച്ചിലാണ്. പക്ഷേ, ഇതുമൂലം നിയമനസ്തംഭനം ഉണ്ടാകാതിരിക്കാനായി എൻട്രി കേഡർ തസ്തികകളിൽ സൂപ്പർ ന്യൂമററിയായി നിയമനം നടത്താനും തീരുമാനിച്ചിരുന്നു. അത്തരത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം 6035 സൂപ്പർ ന്യൂമററി തസ്തികകാം സൃഷ്ടിച്ചിരുന്നു. പക്ഷേ, ഇത് അപ്രായോഗികവും ലജനാവിന് നഷ്ടമുണ്ടാക്കുന്നതുമാണെന്നാണ് ധനകാര്യവകുപ്പിന്റെ വിലയിരുത്തൽ. ഇതുമൂലമാണ് ഈവർഷം മുതൽ സൂപ്പർ ന്യൂമററി തസ്തികകാം വേണ്ടെന്ന് തീരുമാനിച്ചത്.

ഒരു തസ്തികയിൽ ജീവനക്കാർ നിലവിലിരിക്കെതന്നെ അതേ തസ്തിക താത്കാലികമായി അധികം സൃഷ്ടിക്കുന്നതാണ് സൂപ്പർ ന്യൂമററി എന്നറിയപ്പെടുന്നത്. കഴിഞ്ഞവർഷം സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നതിൽ സർക്കാർ കാര്യമായി വിജയിച്ചില്ല. ഇത് ഏറെ ആക്ഷേപങ്ങാം‌ക്ക് ഇടയാക്കിയിരുന്നു. സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമിക്കപ്പെടുന്നവരെ അതത് വകുപ്പുകളിൽ നിയമിക്കാതെ താത്കാലികമായി പഞ്ചായത്തുകളിലേക്ക് വിടുന്ന രീതിയാണ് ഉണ്ടായിരുന്നത്. ഇതും ജീവനക്കാർക്കിടയിൽ അതൃപ്തിക്കിടയാക്കിയിരുന്നു. സർക്കാറിന്റെ പുതിയ തീരുമാനം റാങ്ക് പട്ടികകളിലുള്ള ഉദ്യോഗാർഥികളിൽ ആശങ്ക സൃഷ്ടിച്ചിട്ടുണ്ട്. അടുത്തുവരുന്ന തദ്ദേശസ്വയംഭരണ, നിയമസഭാ തിരഞ്ഞെടുപ്പുകളെ തുടർന്ന് നിയമനങ്ങാം മരവിക്കുകയും തങ്ങളുടെ അവസരങ്ങാം നഷ്ടമാവുകയും ചെയ്യുമെന്നാണ് ഉദ്യോഗാർഥികളുടെ ആശങ്ക.

എന്നാൽ, ഉദ്യോഗാർഥികാം‌ക്ക് ആശങ്ക വേണ്ടെന്നും നിലവിലുള്ള റാങ്ക് പട്ടികകാം 2011 മെയ്വരെ ദീർഘിപ്പിക്കാനുള്ള ഏർപ്പാടുകാം ചെയ്തിട്ടുണ്ടെന്നും ധനമന്ത്രി തോമസ് ഐസക്ക് 'മാതൃഭൂമി'യോട് പറഞ്ഞു. ''ഈ സാമ്പത്തിക വർഷത്തെ ഒഴിവുകാം മുഴുവൻ മുൻകൂറായി പി.എസ്.സി.യെ അറിയിക്കും. മാർച്ച് 31നുശേഷം ഈ ഒഴിവുകളിൽ നിയമനം നടത്തും. സാമ്പത്തികനഷ്ടം എന്നതിലപ്പുറം അപ്രായോഗികമായതിനാലാണ് സൂപ്പർന്യൂമററി തസ്തിക സൃഷ്ടിക്കൽ ഒഴിവാക്കാൻ തീരുമാനിച്ചത്'' - മന്ത്രി വ്യക്തമാക്കി. പക്ഷേ, എൻട്രി കേഡർ നിയമനം സ്തംഭിച്ചത് സംസ്ഥാനത്ത് കൂടുതൽ വിവാദങ്ങാം ഉണ്ടാക്കുമെന്നാണ് കരുതുന്നത്.

ഭോപ്പാൽ ദുരന്തം അടഞ്ഞ അധ്യായം -അമേരിക്ക

പുനരന്വേഷണം വേണ്ട

വാഷിങ്ടൺ/ന്യൂഡൽഹി: ഭോപ്പാൽ വാതകദുരന്തത്തിലെ കോടതിവിധിക്കെതിരെ പരക്കെ വിമർശനമുയരുന്നുണ്ടെങ്കിലും കേസിൽ പുനരന്വേഷണത്തിന് ഒരു സാധ്യതയുമില്ലെന്ന് അമേരിക്ക അഭിപ്രായപ്പെട്ടു.

അതിനിടെ ദുരന്തത്തിനിടയാക്കിയ യൂണിയൻ കാർബൈഡ് കമ്പനിയുടെ മുൻ മേധാവി വാറൻ ആൻഡേഴ്സനെ അറസ്റ്റ് ചെയ്തിട്ടും വിട്ടയച്ചതിനെച്ചൊല്ലി കേന്ദ്ര നിയമമന്ത്രി വീരപ്പമൊയ്ലിയും മുൻ സി.ബി.ഐ. ഓഫീസർ ബി.ആർ. ലാലും തമ്മിൽ ചേരിതിരിഞ്ഞ് ഏറ്റുമുട്ടി.

ഭോപ്പാൽ ദുരന്തക്കേസിലെ കോടതിവിധി എല്ലാ പരാതികളും അവസാനിപ്പിക്കാൻ സഹായിക്കുമെന്ന് യു.എസ്. വിദേശകാര്യ അസിസ്റ്റൻറ് സെക്രട്ടറി റോബർട്ട് ബ്ലേക്ക് അഭിപ്രായപ്പെട്ടു. ''മാനവ ചരിത്രത്തിലെ ഏറ്റവും വലിയ വ്യാവസായിക ദുരന്തങ്ങളിലൊന്നാണ് ഭോപ്പാലിൽ സംഭവിച്ചത്. ദുരന്തബാധിതരുടെയും കുടുംബങ്ങളുടെയും പരാതി കുറെയൊക്കെ പരിഹരിക്കാൻ വിധി സഹായിക്കും. എന്നാൽ കേസിൽ വീണ്ടും അന്വേഷണം നടത്തേണ്ട ആവശ്യമില്ല'' -അദ്ദേഹം പറഞ്ഞു.

ദുരന്തത്തിനിടയാക്കിയ യൂണിയൻ കാർബൈഡ് കമ്പനിയുടെ മുൻ മേധാവി വാറൻ ആൻഡേഴ്സനെ വിചാരണയ്ക്കായി ഇന്ത്യയ്ക്ക് വിട്ടുകൊടുക്കുമോയെന്ന ചോദ്യത്തോട് പ്രതികരിക്കാൻ റോബർട്ട് ബ്ലേക്ക് തയ്യാറായില്ല. ''ഉഭയകക്ഷി ചർച്ചയിലെ പൊതുനയമനുസരിച്ച് പ്രതികളെ കൈമാറുന്നതിനെക്കുറിച്ച് ഞങ്ങാം ചർച്ച ചെയ്യാറില്ല'' -അദ്ദേഹം പറഞ്ഞു.

ഭോപ്പാൽ ദുരന്തക്കേസിലെ വിധി ഇന്ത്യ-യു.എസ്. ബന്ധം മെച്ചപ്പെടുത്തുന്നതിന് തടസ്സം നിൽക്കില്ലെന്നാണ് പ്രതീക്ഷയെന്ന് വിദേശകാര്യ വക്താവ് പി.ജെ. ക്രോളി പറഞ്ഞു. ''ഇന്ത്യ-യു.എസ്. സൈനികേതര ആണവക്കരാർ നടപ്പാക്കുന്നതിന് ആണവബാധ്യതാ ബിൽ പാസാക്കേണ്ടതുണ്ട്. ഭോപ്പാൽ കേസിലെ വിധി അതിന് തടസ്സം നിൽക്കില്ലെന്നാണ് പ്രതീക്ഷ'' -അദ്ദേഹം പറഞ്ഞു.

വാറൻ ആൻഡേഴ്സനെ വിട്ടയച്ചതിന് ഭോപ്പാൽ ദുരന്തം ആദ്യം അന്വേഷിച്ച മുൻ സി.ബി.ഐ. ഓഫീസർ ബി.ആർ. ലാലാണ് ഉത്തരവാദിയെന്നാണ് നിയമമന്ത്രി വീരപ്പമൊയ്ലി പരോക്ഷമായി കുറ്റപ്പെടുത്തിയത്. ലാൽ ഈ ആരോപണം നിഷേധിച്ചു. ആൻഡേഴ്സനെതിരായ കേസ് ദുർബലമാക്കാൻ വിദേശകാര്യമന്ത്രാലയത്തിൽനിന്ന് സമ്മർദമുണ്ടായിരുന്നുവെന്നും അദ്ദേഹം ആരോപിച്ചു. എന്നാലീവാദം അടിസ്ഥാനരഹിതമാണെന്ന് അന്ന് വിദേശകാര്യ സഹമന്ത്രിയും ഇപ്പോാം കമ്പനികാര്യ മന്ത്രിയുമായ സൽമാൻ ഖുർഷിദ് പറഞ്ഞു.

എ.പി.ജയശീലൻ അന്തരിച്ചു

കണ്ണൂർ: പ്രമുഖ കോൺഗ്രസ് നേതാവും മത്സ്യത്തൊഴിലാളി കോൺഗ്രസ് സംസ്ഥാന പ്രസിഡൻറുമായ എ.പി.ജയശീലൻ(61) അന്തരിച്ചു.

എറണാകുളത്ത് പോകാനായി ചൊവ്വാഴ്ച വൈകീട്ട് കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ എത്തിയ അദ്ദേഹം കുഴഞ്ഞുവീഴുകയായിരുന്നു. ഉടൻ കണ്ണൂർ കൊയിലി ആസ്പത്രിയിലെത്തിച്ചെങ്കിലും മരിച്ചു. മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ അംഗം കൂടിയായ അദ്ദേഹം അതിന്റെ യോഗത്തിൽ പങ്കെടുക്കാനാണ് എറണാകുളത്തേക്ക് തിരിച്ചത്.

കെ.പി.സി.സി. അംഗം, കണ്ണൂർ ജില്ലാ കോൺഗ്രസ് ജനറൽ സെക്രട്ടറി, വൈസ്പ്രസിഡൻറ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 1987ൽ എടക്കാട് നിന്ന് നിയമസഭയിലേക്ക് മത്സരിച്ചെങ്കിലും പരാജയപ്പെട്ടു.

തയ്യിൽ അരയിൽ പൊറുക്കായി വീട്ടിൽ പരേതനായ പുരുഷോത്തമന്റെയും ഭവാനിയുടെയും മകനാണ്. ഭാര്യ: രാജേശ്വരി(ബാലുശ്ശേരി). മക്കാം: അമർദീപ്(ദുബായ്), ദീപമാല. മരുമകാം: ദർശന(ദുബായ്), വിജേഷ്(എൻജിനീയർ, പാലക്കാട്). സഹോദരങ്ങാം: പരേതനായ സുധാകരൻ, പ്രഭാകരൻ(മത്സ്യത്തൊഴിലാളി കോൺഗ്രസ്, കണ്ണൂർ ജില്ലാ പ്രസിഡൻറ്), രഞ്ജിനി, ശാലിനി, വിനോദ്, സുദർശനൻ, തീർഥാനന്ദ്, മീറ.

ശവസംസ്കാരം ബുധനാഴ്ച 4ന് പയ്യാമ്പലത്ത് നടക്കും. ഉച്ചയ്ക്ക് രണ്ടുമണിവരെ പള്ളിക്കുളത്തെ സ്വന്തം വീടായ 'ജയപ്രഭ'യിൽ വെക്കുന്ന മൃതദേഹം തുടർന്ന് 4 മണിവരെ ഡി.സി.സി. ഓഫീസിൽ പൊതുദർശനത്തിന് വെക്കും.

ആൻഡേഴ്സനെതിരായ കേസ് അവസാനിപ്പിച്ചിട്ടില്ലെന്ന് കേന്ദ്രം 15

ജില്ലയിലെ സ്കൂളുകളിൽ 7000 കുട്ടികൾ കുറവ്

സ്വന്തം ലേഖകൻ

കൊല്ലം: ജില്ലയിലെ സ്കൂളുകളിൽ കുട്ടികളുടെ വൻകുറവ്. 7000 കുട്ടികാം ഇക്കുറി കുറഞ്ഞതായി സ്കൂളുകളിൽ ആറാം പ്രവൃത്തിദിനമായ ചൊവ്വാഴ്ചയെടുത്ത കണക്കെടുപ്പ് വ്യക്തമാക്കുന്നു.

3,20,579 കുട്ടികളാണ് കഴിഞ്ഞ വിദ്യാഭ്യാസവർഷം കൊല്ലം ജില്ലയിൽ പഠിച്ചത്. ഇക്കുറി ഇത് 3,13,578 ആയി. കുറഞ്ഞത് 7001 കുട്ടികാം.

ഗവണ്മെൻറ്, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളിലെ മൊത്തം കണക്കാണിത്. ഒന്നാം ക്ലാസിൽ 1000 കുട്ടികളാണ് കുറഞ്ഞത്. 24,000-ത്തോളം പേർ കഴിഞ്ഞ വർഷം ഒന്നാം ക്ലാസിൽ ചേർന്നു. ഇക്കുറി അത് 23,000 ആയി. 5, 8 ക്ലാസുകളിലാണ് ബാക്കിയുള്ള കുറവ് രേഖപ്പെടുത്തിയിട്ടുള്ളത്. മറ്റ് ക്ലാസുകളിൽ കുട്ടികളുടെ എണ്ണത്തിൽ വലിയ മാറ്റം ഉണ്ടായിട്ടില്ല.

ജനസംഖ്യയിൽ ഉണ്ടാകുന്ന കുറവ്, സ്ഥലംമാറിപ്പോകൽ, ജില്ല മാറൽ, രക്ഷിതാക്കളുടെ ജോലിസൗകര്യം നോക്കി സ്കൂാം മാറ്റൽ ഇവയെല്ലാം കുട്ടികളുടെ കുറവിന് കാരണമാണ്. ഹെഡ്മാസ്റ്റർമാർ എടുത്ത പ്രാഥമിക കണക്കാണ് ഇതെന്നും വിവിധ കാരണങ്ങളാകാം കുട്ടികാം കുറയുന്നതിന് പിന്നിലെന്നും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ വി.രാജേന്ദ്രൻ പറഞ്ഞു.

കേന്ദ്രജീവനക്കാരുടെ സേവനചട്ടങ്ങൾ ഏകീകരിക്കുന്നു

ന്യൂഡൽഹി: കേന്ദ്രസർക്കാർ ഉദ്യോഗസ്ഥരുടെ സേവനചട്ടങ്ങാം ഏകീകരിക്കുന്നതും കൂടുതൽ വ്യക്തമാക്കുന്നതുമായ പുതിയ ബിൽ വരുന്നു. 'സിവിൽ സർവീസസ് പെർഫോമൻസ് ആൻഡ് അക്കൗണ്ടബിലിറ്റി ബിൽ' എന്ന പേരിലുള്ള ഇതിന്റെ ലക്ഷ്യം കേന്ദ്രസർക്കാർ ഉദ്യോഗസ്ഥരെ കൂടുതൽ ഉത്തരവാദിത്വമുള്ളവരാക്കുകയാണ്. സർക്കാർ ഉദ്യോഗസ്ഥർ അഴിമതി നടത്തുന്നതും രാഷ്ട്രീയസമ്മർദങ്ങാം‌ക്ക് വഴങ്ങുന്നതും തടയുകയും ഇതിന്റെ ലക്ഷ്യങ്ങളിൽപ്പെടുന്നു. ബിൽ വൈകാതെ മന്ത്രിസഭയുടെ പരിഗണനയ്ക്കു വരും.

മണൽകടത്ത് തടഞ്ഞ എസ്.ഐ.യെയും സംഘത്തെയും ലോറികയറ്റി കൊല്ലാൻ ശ്രമം

കാസർകോട്: മണൽ കടത്ത് തടയുന്നതിനിടെ എസ്.ഐ.യെയും സംഘത്തെയും ലോറി കയറ്റി കൊല്ലാൻ ശ്രമം. ജീപ്പിനിടയിൽപെട്ട് പരിക്കേറ്റ ടൗൺ എസ്.ഐ. ബാബു പെരിങ്ങേത്ത് (38), കോൺസ്റ്റബിം പയ്യന്നൂർ എടാട്ടെ വൈ.വി. രമേശൻ (36), ഹോം ഗാർഡ് നീലേശ്വരം മടിക്കൈയിലെ എ. സുധാകരൻ (44) എന്നിവരെ കാസർകോട് കെയർവെൽ ആസ്പത്രിയിൽ പ്രവേശിപ്പിച്ചു.

ചൊവ്വാഴ്ച പുലർച്ചെ മൂന്നരയോടെ ചട്ടഞ്ചാലിനടുത്ത പാദൂരിലാണ് സംഭവം. ചാരായക്കേസിലെ വാറൻറ് പ്രതിയെ അറസ്റ്റ് ചെയ്ത് മടങ്ങുന്നതിനിടെ മണലുമായി വരികയായിരുന്ന മിനിലോറിക്ക് എസ്.ഐ. പരവനടുക്കത്ത് വെച്ച് കൈകാണിച്ചു. നിർത്താതെ പോയ ലോറിയെ എസ്.ഐ. ജീപ്പിൽ പിന്തുടർന്നു. ലോറി പിടിക്കാൻ ഹൈവേ പോലീസ് എസ്.ഐ. പി. പ്രമോദും സംഘവും ചട്ടഞ്ചാലിൽ നിന്നെങ്കിലും അത് പാദൂർ റോഡിലേക്ക് വെട്ടിച്ചുകയറി. പാദൂർ റോഡിൽ മിനിലോറിയെ മറികടന്നശേഷം വീണ്ടും കൈകാണിച്ചെങ്കിലും ലോറി അമിത വേഗത്തിൽ വന്ന് ജീപ്പ് ഇടിച്ചുതെറിപ്പിക്കുകയായിരുന്നുവെന്ന് പോലീസ് പറഞ്ഞു.

പരിക്കേറ്റ എസ്.ഐ. ബാബു പെരിങ്ങേത്ത് ആസ്പത്രിയിൽ

ജീപ്പിൽ വേറെ മൂന്ന് പോലീസുകാർ ഉണ്ടായിരുന്നെങ്കിലും അവർ പരിക്കേൽക്കാതെ രക്ഷപ്പെട്ടു. ഡ്രൈവറടക്കം മിനിലോറിയിൽ ഉണ്ടായിരുന്ന നാലുപേർ ഓടി രക്ഷപ്പെട്ടു. കെ.എൽ. 13 എൻ. 8336 ലോറി പോലീസ് കസ്റ്റഡിയിലെടുത്തു.

എസ്.ഐ.യുടെ തലയ്ക്കും മുതുകത്തുമാണ് പരിക്ക്. സുധാകരന് കഴുത്തിന് ക്ഷതമേറ്റിട്ടുണ്ട്. രമേശന് നെറ്റിയിലാണ് പരിക്ക്. ഔദ്യോഗിക കൃത്യനിർവഹണം തടസ്സപ്പെടുത്തിയതിന് നാലുപേർക്കെതിരെ ടൗൺ പോലീസ് കേസെടുത്തു.

മഴ കനക്കും

തിരുവനന്തപുരം: കാലവർഷത്തിനു കാരണമാകുന്ന തെക്കുപടിഞ്ഞാറൻ കാറ്റിന് ശക്തിയേറുന്നു. ചൊവ്വാഴ്ച മണിക്കൂറിൽ ശരാശരി 50 കിലോമീറ്റർ വേഗത്തിലാണ് കാറ്റു വീശിയത്. അടുത്ത ദിവസങ്ങളിൽ കാറ്റിന്റെ വേഗം മണിക്കൂറിൽ 60 കിലോമീറ്ററിൽ അധികമാവാൻ സാദ്ധ്യതയുണ്ടെന്നാണ് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന്റെ നിഗമനം. അതിനാൽ കടലിൽ പോകുന്നവർക്ക് ജാഗ്രതാ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. തിങ്കളാഴ്ച വൈകുന്നേരം രണ്ടു തവണ കാറ്റിന്റെ വേഗം മണിക്കൂറിൽ 55 കിലോമീറ്റർ വരെയായി. ഭൂരിഭാഗം സമയത്തും 52 കിലോമീറ്ററായിരുന്നു കാറ്റിന്റെ വേഗം. ഇതിന്റെ ഫലമായി തെക്കൻ ജില്ലകളിൽ പലയിടത്തും കൃഷിനാശം സംഭവിച്ചിട്ടുണ്ട്. കാറ്റ് ശക്തിപ്പെട്ടതിന്റെ ഫലമായി മഴയും കനക്കും. അടുത്ത ദിവസങ്ങളിൽ സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ ശക്തമോ അതിശക്തമോ ആയ മഴ പെയ്യാനിടയുണ്ടെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം ഡയറക്ടർ കെ.സന്തോഷ് പറഞ്ഞു

◆ കാകദൃഷ്ടി ◆

മന്ത്രി ബേബിയുടെ വീട്ടിനു മുന്നിൽ ആത്മഹത്യ ചെയ്യും -തിലകൻ

ആചാരവെടി ഉറപ്പ്...